## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 831 — 30.01.2019-ൽ മറുപടിയ്ക്ക്

## വനമേഖലകളിലെ സന്ദർശന സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീമതി. സി.കെ. ആശ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വിനോദസഞ്ചാര താല്പര്യം വർദ്ധിച്ചു വരുന്നതു മൂലം വനമേഖലകളിലും വനത്തോടു ചേർന്ന പല കേന്ദ്രങ്ങളിലും ഉൾക്കൊളളാനാവാത്ത വിധം സന്ദർശകർ എത്തുന്നത് പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) കേരളത്തിലെ ഇക്കോട്ടൂറിസം മേഖലകൾ സന്ദർശിക്കുന്ന സഞ്ചാരികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചു വരുന്നു എന്നത് ഒരു വസ്തുതയാണ്. കേരളത്തിലെ ഇക്കോട്ടൂറിസം മേഖലകൾ മിക്കവയും പരിസ്ഥിതി പ്രാധാന്യമേറിയ ഇടങ്ങളാണ്. ആയതിനാൽ പരിസ്ഥിതി സൗഹാർദ്ദപരമായി പ്രകൃതിയ്ക്കും അതിന്റെ സ്വാഭാവിക ജൈവവൈവിദ്ധ്യത്തിനും യാതൊരു വിധ കോട്ടവും തട്ടാത്ത വിധത്തിലാണ് കേരളത്തിൽ ഇക്കോട്ടൂറിസം പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നത്. പങ്കാളിത്ത വനപരിപാലന തത്വമനുസരിച്ച് തദ്ദേശീയരായ വനാശ്രിതരുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതാണ് കേരളത്തിലെ ഇക്കോട്ടൂറിസം പരിപാടികൾ. ഓരോ ഇക്കോട്ടൂറിസം കേന്ദ്രത്തിനും ഉൾക്കൊള്ളാൻ സാധിക്കുന്ന തരത്തിൽ നിയന്ത്രിതമായാണ് സന്ദർശകരെ നിലവിൽ ഇക്കോട്ടൂറിസത്തിനായി അനുവദിക്കുന്നത്. എങ്കിലും ഇത് കുറെക്കൂടി , ശാസ്ത്രീയമാക്കുന്നതിനായി കേരളത്തിലെ എല്ലാ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലെയും സന്ദർശക വാഹക ശേഷി കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

ഇതിന്റെ ആദ്യപടിയായി കേരളത്തിലെ പ്രധാനപ്പെട്ടതും, സന്ദർശർ ഏറ്റവും കൂടുതൽ എത്തുന്നതുമായ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ വിവിധ ഏജൻസികൾ മുഖാന്തിരം സന്ദർശക വാഹക പഠനം നടത്തിവരുന്നു. കേരളത്തിലെ എല്ലാ കേന്ദ്രങ്ങളിലും ടി പഠനം പൂർത്തിയാക്കി സന്ദർശക നിയന്ത്രണം പൂർണ്ണമായും നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

കൂടാതെ ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ പ്ലാസ്റ്റിക് മുക്തമാക്കുന്നതിന്റെ ഭാഗമായി എല്ലാ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലും ആയതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതും സന്ദർശകർ പരിസ്ഥിതിയ്ക്ക് ഇണങ്ങുന്ന തരത്തിലുള്ള വസ്തുക്കൾ ഉപയോഗിക്കുന്നതിനുമായി ആവശ്യമായ പ്രോത്സാഹനം നല്കി വരികയും ചെയ്യുന്നുണ്ട്. എല്ലാ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലും സന്ദർശകർ മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കുന്നതിനുള്ള കരുതൽ നടപടികൾ സ്വീകരിക്കുന്നുണ്ട് എങ്കിലും സന്ദർശകർ നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശേഖരിച്ച് അവയെ തരംതിരിച്ച് ശാസ്ത്രീയമായി പരിസ്ഥിതിയ്ക്ക് ദോഷകരമാകാത്ത തരത്തിൽ നിർമ്മാർജ്ജനം ചെയ്യുന്നിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ നിർമ്മിതികൾ പരമാവധി ഒഴിവാക്കി, ആവശ്യമെങ്കിൽ മാത്രം പരിസ്ഥിതിയ്ക്ക് ഇണങ്ങും വിധത്തിലുള്ള തരത്തിൽ അത്തരം വസ്തുക്കൾ ഉപയോഗിച്ചാണ് നിർമ്മാണപ്രവർത്തികൾ ചെയ്തുവരുന്നത്. ഇങ്ങനെ വിവിധ പരിപാടികൾ പരിസ്ഥിതിയ്ക്ക് ഇണങ്ങും വിധം ആസൂത്രണം ചെയ്ത് പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നില്ലാ എന്ന് ഉറപ്പ് വരുത്തിയാണ് കേരളത്തിൽ ഇക്കോട്ടൂറിസം പദ്ധതികൾ നടപ്പാക്കി വരുന്നത്.

(ബി) അവധി ദിനങ്ങളിലും മറ്റും അതിയായ തിരക്ക് അനുഭവപ്പെടുന്നതിനാൽ, സന്ദർശകർക്ക് സുരക്ഷിതമായി കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലും നിയന്ത്രിത അളവിൽ മാത്രമേ നിലവിൽ സന്ദർശകരെ അനുവദിക്കാറുള്ളൂ. വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ കൂട്ടായ്മയായ വന സംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവകളിലെ അംഗങ്ങളെ ഇക്കോടൂറിസം മേഖലകളിലെ ഗൈഡുകളായി നിയോഗിച്ച് സന്ദർശകരെ മാർഗ്ഗനിർദ്ദേശം ചെയ്യുന്നതിനും, അവർക്ക് സുരക്ഷിതമായ സന്ദർശനം സാദ്ധ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇക്കോടൂറിസം മേഖലകളിൽ ഗൈഡുകളായി പ്രവർത്തിക്കുന്ന ടി ഗൈഡുകൾക്ക് വിവിധ ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി സന്ദർശക സുരക്ഷയിലും, മാനേജ്മെന്റിലും, സന്ദർശകർക്ക് അടിയന്തിര ഘട്ടങ്ങളിൽ പ്രാഥമിക ശുശ്രൂഷ നല്കുന്നതിലും ആവശ്യമായ പരിശീലനങ്ങൾ നല്കിവരുന്നുണ്ട്. കൂടാതെ ആവശ്യമായ ഇടങ്ങളിൽ കൈവരികൾ, ബാരിക്കേഡുകൾ തുടങ്ങിയ സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) എല്ലാവർക്കും സന്ദർശനത്തിനുള്ള അവസരം ലഭിക്കത്തക്കവിധം വനമേഖലകളിലെ എല്ലാ സന്ദർശന കേന്ദ്രങ്ങളിലും പ്രത്യേക ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുമോ, വ്യക്തമാക്കുമോ?

(സി) ഇക്കോടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതി സംരക്ഷണം, സന്ദർശക സുരക്ഷ എന്നിവ കണക്കിലെടുത്ത് നിയന്ത്രിതമായാണ് നിലവിൽ സന്ദർശകരെ അനുവദിച്ചുവരുന്നത്. മിക്ക ഇക്കോടൂറിസം കേന്ദ്രങ്ങളിലും ടി കേന്ദ്രങ്ങളിലെ ടിക്കറ്റ് കൗണ്ടറുകളിലൂടെ നേരിട്ടുള്ള ബുക്കിംഗ് സംവിധാനമാണ് നിലവിലുള്ളത്. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകത്തക്ക വിധത്തിൽ എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഒരു കേന്ദ്രീകൃത ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഇത് എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ